# എ. മുഹമ്മദ് മൗലവി

**അരനൂറ്റാണ്ടിലധികം** ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ പാതയിൽ കർമോത്സുകനായി നിലകൊണ്ട വ്യക്തിത്വമാണ് ആഗസ്റ്റ് 21ന് നിര്യാതനായ തിരൂർക്കാട്ടെ എ. മുഹമ്മദ് മൗലവി. ജമാഅത്തെ ഇസ്‌ലാമി പ്രാദേശിക അമീർ, തിരൂർക്കാട് ഇലാഹിയ്യാ കോളേജ് പ്രിൻസിപ്പൽ, ശാന്തപുരം ഇസ്‌ലാമിയ്യ കോളേജ് അധ്യാപകൻ, ഖാസിം ദർവേശ് മഹല്ല് കമ്മിറ്റി സെക്രട്ടറി, നുസ്‌റത്തുൽ ഇസ്‌ലാം ട്രസ്റ്റ് സ്ഥാപക മെമ്പർ, നുസ്‌റത്തുൽ ഇസ്‌ലാം അസോസിയേഷൻ അംഗം തുടങ്ങിയ സേവന തുറകളിലെല്ലാം നിറഞ്ഞുനിന്ന മഹനീയനായിരുന്നു മുഹമ്മദ് മൗലവി. ലളിതവും വിനയപൂർണവുമായ ജീവിത രീതിയിലൂടെ പരിചയപ്പെടുന്നവർക്കെല്ലാം അദ്ദേഹം മാതൃയോഗ്യനായി. ഇന്ന് കേരളത്തിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ നേതൃസ്ഥാനമലങ്കരിക്കുന്നവരും പ്രവർത്തകരുമുൾപ്പെടെ നിരവധി പേരുടെ ഗുരുനാഥൻ എന്ന നിലയിൽ സേവനമനുഷ്ഠിക്കാൻ കഴിഞ്ഞ ഭാഗ്യവനാണ് മൗലവി. വിജ്ഞാനം തേടിയെത്തുന്നവർക്ക് അത് നൽകുക എന്നതിലുപരി നിരവധി വിദ്യാർഥികളെ മതവിജ്ഞാനത്തിലേക്ക് നയിക്കുന്നതിലും മതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കൊണ്ടെത്തിക്കുന്നതിലും നിസ്തുലമായ പങ്കാണ് അദ്ദേഹം വഹിച്ചത്. നിർധനരായ കുട്ടികൾക്ക് പഠനത്തിനാവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിലും തൽപരനായിരുന്നു. സാധാരണക്കാരുമായി അനായാസം ഇടപഴകാനും സൗഹൃദ ബന്ധം സ്ഥാപിക്കാനും അസൂയാർഹമായ കഴിവുണ്ടായിരുന്നു എ.എമ്മിന്. അവരുമായുള്ള ഇടപഴകലിലും വിനിമയത്തിലും ഒരൊറ്റ ലക്ഷ്യമാണ് മൗലവിക്കുണ്ടായിരുന്നത്; അവരെ അല്ലാഹുവിന്റെ ദീനിന്റെ പാതയിൽ ഉറപ്പിച്ചു നിർത്തുക എന്നത് മാത്രം. രോഗികളെ സന്ദർശിക്കലും കുടുംബബന്ധം പുതുക്കലും സൗഹൃദം ശക്തിപ്പെടുത്തലും അദ്ദേഹത്തിന്റെ ഹോബിയായിരുന്നു. മരിക്കുന്നതിന് ഏതാനും ആഴ്ച മുമ്പായിരുന്നു



രോഗിയായികിടക്കുന്ന ഒരു സുഹൃത്തിനെ കാണാൻ മങ്കട കൂട്ടിൽ പ്രദേശത്ത് അദ്ദേഹം പോയതും തിരിച്ചുവരുമ്പോൾ വീണ് പരിക്കേറ്റതും.

2008 ജനുവരി 26,27 തീയതികളിൽ നടന്ന ഇലാഹിയ്യാ കോളേജിന്റെ വാർഷികാഘോഷ വേളയിൽ പൂർവ വിദ്യാർഥികൾ ഉപഹാരമെന്ന നിലയിൽ പ്രിയ ഉസ്താദിന് ഒരു പണക്കിഴി നൽകുകയുണ്ടായി. പണക്കിഴി ഏറ്റുവാങ്ങിയ അതേ നിമിഷം തന്നെ തുക മുഴുവനും ഇലാഹിയ്യാ കോളേജിന് സംഭാവന ചെയ്തതായി പ്രഖ്യാപിക്കാൻ എ.എമ്മിന് രണ്ടാമതൊന്ന് ചിന്തിക്കേണ്ടിവന്നില്ല. പ്രസ്ഥാനത്തിന്റെ വളർച്ചയിലും ഇലാഹിയ്യാ കോളേജിന്റെയും മഹല്ലിന്റെയും അഭിവൃദ്ധിയിലും സായൂജ്യം കണ്ടെത്താൻ കഴിഞ്ഞ തികച്ചും വ്യതിരിക്തമായ ഒരു വ്യക്തിത്വമായിരുന്നു എ.എമ്മിന്റേത്. പ്രസ്ഥാനം ഒരു ലഹരിയായ എ.എം എത്ര വിദൂര സ്ഥലങ്ങളിൽ ചെന്നും സമ്മേളനങ്ങളിൽ പങ്കെടുക്കാനും നേതാക്കളുടെ പ്രഭാഷണങ്ങളും ഉദ്ബോധനങ്ങളും ശ്രവിക്കാനും ഉത്സുകനായിരുന്നു. തന്നോടൊപ്പം കുടുംബത്തെയും പ്രസ്ഥാനത്തിന്റെ പാതയിൽ ഉറപ്പിച്ചുനിർത്താൻ എ.എമ്മിന് കഴിഞ്ഞു. ഭാര്യ അറക്കൽ ആഇശ. മക്കൾ: മുഹ്സിൻ, സാദിഖ്, സനീറ.

**പി.എ.എം അബ്ദുൽ ഖാദർ**